**ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഇടുക്കി**
ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്റർ, സിവിൽ സ്റ്റേഷൻ, പൈനാവ് .പി.ഒ
കുയിലിമല, പിൻ - 685603
ഇമെയിൽ : deocidk@gmail.com
ഫോൺ : 04862 233111, 233130, മൊബൈൽ : 9383463036,7034447100

Break the Chain

## ജില്ലാ കളക്ടർ & ചെയർപേഴ്സൺ ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ഇടുക്കിയുടെ നടപടിക്രമം.

**(ഹാജർ: ഷീബ ജോർജ്ജ് ഐ എ എസ്)**

വിഷയം: ഓറഞ്ച് അലേർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ ജില്ലയിൽ നടപ്പിലാക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച്

പരാമർശം : 1) കേന്ദ്രകാലാവസ്ഥ വകുപ്പിന്റെ 27/11/ 2021 തീയ്യതിയിൽ പുറപ്പെടുവിച്ച ജില്ലാതല പ്രവചനം

2) കാലവർഷ തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗരേഖ - ഓറഞ്ച് ബുക്ക് 2021

## ഉത്തരവ് നം. DCIDK/2335/2021 – DM1 തീയതി 27.11.2021

കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ ഏറ്റവും പുതിയ മുന്നറിയിപ്പ് പ്രകാരം നവംബർ 28 തീയതിയിൽ അതിശക്തമായ മഴക്കുള്ള സാധ്യതയുള്ളതിനാൽ ഇടുക്കി ജില്ലയിൽ ഓറഞ്ച് അലേർട്ട് പ്രഖ്യാപിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറ്റിറിറ്റിയുടെ ഓറഞ്ച് ബുക്ക് 2021 ലെ മാർഗ്ഗനിർദേശങ്ങൾക്ക് അനുസൃതമായി ആവശ്യമായ എല്ലാ തയ്യാറെടുപ്പുകളും പൂർത്തീകരിക്കാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നല്കുന്നു.

ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ, വെള്ളപ്പൊക്ക ദുരന്ത സാധ്യതാ മേഖലകളിൽ അടിയന്തരമായി ദുരിതാശ്വാസ ക്യാമ്പുകൾ സജ്ജമാക്കി വെക്കേണ്ടതും, മുന്നറിയിപ്പിൻറെ പശ്ചാത്തലത്തിൽ ഓറഞ്ച് ബുക്ക് 2021-ൽ വൾനറബിൾ ഗ്രൂപ്പ് എന്ന് അടയാളപ്പെടുത്തിയിരിക്കുന്ന വിഭാഗങ്ങളെ മുൻകൂട്ടി മാറ്റി താമസിപ്പിക്കേണ്ടതുമാണ്.

ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വിദഗ്ധ സമിതി എന്നിവർ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതയുണ്ടെന്ന് കണ്ടെത്തിയ പ്രദേശങ്ങളിൽ അടിയന്തരമായി ക്യാമ്പുകൾ സജ്ജമാക്കി ജനങ്ങൾക്ക് 'അനൗൺസ് മെന്റ്' വഴി വിവരം നൽകുകയും ജനങ്ങളെ മുൻകരുതലിന്റെ ഭാഗമായി മാറ്റി താമസിപ്പിക്കുകയും ചെയ്യേണ്ടതാണ്. ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്നു എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.

അപകട സാഹചര്യത്തിൻറെ ഗൗരവം ഉൾക്കൊണ്ടു കൊണ്ട് പൊതുജനങ്ങളെ മാറ്റി താമസിപ്പിക്കാൻ ബന്ധപ്പെട്ട തഹസിൽദാർമാർമാരുടെ നിർബന്ധിതമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്. ജില്ലയിലെ ദുരന്തസാധ്യതാ മേഖലകൾ മൈനിങ് ആൻഡ് ജിയോളജി, സോയിൽ സർവ്വേ എന്നീ വകുപ്പുകൾ വിലയിരുത്തി, ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട

തഹസിൽദാർമാർക്ക് നല്കുവാൻ ദ്രുതഗതിയിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. നദീതീരങ്ങളിൽ താമസിക്കുന്നവരെയും, വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവരെയും മുൻകൂട്ടി ക്യാമ്പുകൾ സജ്ജമാക്കി മാറ്റിതാമസിപ്പിക്കേണ്ടതാണ്.

നിലവിൽ ജലം പുറത്തേക്കൊഴുക്കുന്ന അണക്കെട്ടുകളുടെ കീഴിൽ അധിവസിക്കുന്നവരുടെ സുരക്ഷ ഉറപ്പാക്കേണ്ടതും നദികളിലെ ജലനിരപ്പ് തുടർച്ചയായി നിരീക്ഷിക്കേണ്ടതിനുമായി എക്സിക്യൂട്ടീവ് എഞ്ചിനിയർ ഡാം സേഫ്റ്റി, എക്സിക്യൂട്ടീവ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ എന്നിവരെ ചുമതലപ്പെടുത്തുന്നു.

കോവിഡ് 19 മഹാമാരിയുടെ കൂടി പശ്ചാത്തലത്തിൽ ക്യാമ്പുകളുടെ പ്രവർത്തനം എങ്ങനെയായിരിക്കണമെന്ന് ഓറഞ്ച് ബുക്ക് 2021 ൽ വിശദീകരിച്ചിട്ടുണ്ട്. അത് പാലിച്ചു കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും റെവന്യൂ വകുപ്പിന്റെയും ഏകോപനത്തോടെ ക്യാമ്പുകൾ നടത്തേണ്ടതാണ്. ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങളും മറ്റും വിലയിരുത്തുന്നതിന് ബന്ധപ്പെട്ട തഹസിൽദാർമാരെ ചുമതലപ്പെടുത്തുന്നു.

ശക്തമായ മഴ പെയ്യുന്ന സാഹചര്യത്തിൽ ഒരു കാരണവശാലും ജനങ്ങൾ നദികൾ മുറിച്ചു കടക്കാനോ, നദികളിലോ മറ്റ് ജലാശയങ്ങളിലോ കുളിക്കാനോ മീൻപിടിക്കാനോ മറ്റ് ആവശ്യങ്ങൾക്കോ ഇറങ്ങാൻ പാടുള്ളതല്ല. ഇത് തടയാൻ പോലീസ്, വനം, ടൂറിസം വകുപ്പ് എന്നിവർ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കാലാവസ്ഥ മുന്നറിയിപ്പിൽ മാറ്റങ്ങൾ വരാവുന്നതുമാണ്. അതുകൊണ്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രഖ്യാപിക്കുന്ന അതീവ ജാഗ്രത നിർദേശം പിൻവലിക്കുന്നത് വരെ സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

നിലവിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഓറഞ്ച് അലേർട്ടാണ് പ്രഖ്യാപിച്ചതെങ്കിലും, ഓറഞ്ച് ബുക്കിൽ പ്രതിപാദിച്ച റെഡ് അലെർട്ടിന് സമാനമായ നടപടികൾ, പ്രത്യേകിച്ച് ഉരുൾ പൊട്ടൽ / മണ്ണിടിച്ചിൽ സാധ്യത പ്രദേശങ്ങളിൽ, ബന്ധപ്പെട്ട എല്ലാ വകുപ്പുകളും സ്വീകരിക്കേണ്ടതാണ്.

ജില്ലയിലെ എല്ലാ ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റവും (ജില്ലാ, താലൂക്ക് തല) സജീവമാക്കി ഇതിനാൽ ഉത്തരവാകുന്നു

ദുരന്തനിവാരണ പ്രവർത്തനങ്ങൾ താലൂക്ക് തലത്തിൽ ഏകോപിപ്പിക്കുന്നതിന് നോഡൽ ഓഫീസർമാരെ താഴെപ്പറയും പ്രകാരം നിയോഗിച്ച് ഉത്തരവാകുന്നു.

1. തൊടുപുഴ താലൂക്ക് - ഡെപ്യൂട്ടി കളക്ടർ (എൽ ആർ) ഇടുക്കി
2. ഇടുക്കി താലൂക്ക് - റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി
3. പീരുമേട് താലൂക്ക് - ACSO കുമളി
4. ദേവികുളം താലൂക്ക് - സബ് കളക്ടർ ദേവികുളം
5. ഉടുമ്പൻചോല താലൂക്ക് - ഡെപ്യൂട്ടി കളക്ടർ (ആർ ആർ )

മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് നിലവിൽ 141.55 അടിയും, ഇടുക്കി ഡാമിലെ ജലനിരപ്പ് 2400.72 അടിയും ആയ സാഹചര്യത്തിൽ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ

ഏർപ്പെടുത്തുന്നതിനും മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നു.

**ജില്ലയിൽ അലേർട്ടുകൾ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ, ദുരന്തനിവാരണവുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലേയും ജീവനക്കാർ അലേർട്ടുകൾ പിൻവലിക്കുന്നതുവരെ ആസ്ഥാനം വിട്ടുപോകാൻ പാടില്ലാത്തതാണ്.**

ജില്ലാ കളക്ടർ & ചെയർപേഴ്സൺ
ജില്ലാ ദുരന്തനിവാരണ അതോറിറ്റി

സ്വീകർത്താക്കൾ -

ജില്ലയിലെ എല്ലാ വകുപ്പ് മേധാവികൾക്കും

പകർപ്പ് -

1. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി (പ്രസിദ്ധീകരണത്തിനായി)
2. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി, ഇടുക്കി (ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
3. ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിലേക്ക്